DESPATCHED On.24/2/2020



22/01/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ CP No. 959(1)/2019/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.18370/എസ്.ഐ.സി–ജി 4/2019**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

**ശ്രീമതി. ജലജാമണി. റ്റി,**
**വിസ്മിത്ത് വില്ല, കുരീപ്പുഴ പി.ഒ,**
**പെരിനാട്, കൊല്ലം–691601.** — **പരാതി ഹർജിക്കാരി**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്ക്കൂൾ,**
**കുരീപ്പുഴ, കൊല്ലം–691601.** — **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 13/09/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/10/2019 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 13/11/2019 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 14/11/2019 |
| ഹിയറിംഗ് തീയതിയും സ്ഥലവും | 21/01/2020<br>കോൺഫറൻസ് ഹാൾ,<br>കളക്ട്രേറ്റ്, കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം: പരാതി ഹർജിക്കാരി<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

പരാതി ഹർജിക്കാരിയായ ശ്രീമതി. ജലജാമണി റ്റി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ

മറുപടി തെറ്റിദ്ധരിപ്പിക്കുന്നതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമാണെന്നും അതിനാൽ ടിയാൾ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്,

i) കുരീപ്പുഴ ഗവ.യു.പി.എസിലെ പൊതുതെരഞ്ഞെടുപ്പ് നോട്ടീസിൽ കൊടുത്തിരുന്ന മൂന്നാമത്തെ അജണ്ട SMC/PTA/MPTA തെരഞ്ഞെടുപ്പ് എന്നതിലെ SMC തെരഞ്ഞെടുപ്പ് നടത്താതിരുന്നത് എന്തുകൊണ്ടെന്നും

ii) SMC നിയമാവലിയുടെ ഒരു പകർപ്പ് ലഭ്യമാക്കണമെന്നും

iii) മേൽപ്പടി സ്കൂളിൽ ഓഫീസ് അസിസ്റ്റന്റിന് പുറമെ ഏതെങ്കിലും അദ്ധ്യാപകൻ ഓഫീസ് ചുമതല വഹിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് അദ്ധ്യാപകനാണെന്നും

iv) മേൽപ്പടി സ്കൂളിലെ ആൻഡേഴ്സൺ എന്ന അദ്ധ്യാപകൻ നിലവിൽ ഓഫീസ് വർക്ക്, ഉച്ചഭക്ഷണ നടത്തിപ്പ് ചുമതല, അദ്ധ്യാപകൻ ഇതിൽ ഏത് തസ്തിക വഹിക്കുന്നു എന്നും മറ്റുമായി 11 ഇനങ്ങളിലുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങളിൽ സ്കൂളിൽ നിന്നും നൽകാൻ കഴിയുന്ന പരമാവധി വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ഹർജിക്കാരി മുൻ പി.ടി.എ പ്രസിഡന്റായിരുന്ന ശ്രീ.കായിക്കര അൻസറിന്റെ ഭാര്യയാണെന്നും പുതിയ പി.ടി.എ പ്രസിഡന്റായി ശ്രീ.ഡേവിഡ് സേവ്യർ തെരഞ്ഞെടുക്കപ്പെട്ടു എന്നും ആയതിനുശേഷം ഹർജിക്കാരി നിരന്തരമായി പരാതികളും മറ്റും നേരിട്ടും കത്തു മുഖേനയും ഫോണിലൂടെയും എ.ഇ.ഒ, ഡി.ഡി.ഇ തുടങ്ങിയ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകി

RIGHT TO INFORMATION

കൊണ്ടിരിക്കുകയാണെന്നും ടിയാളുടെ പരാതിയിൽ വിദ്യാഭ്യാസ ഓഫീസർമാർ നടത്തിയ അന്വേഷണങ്ങളിൽ യാതൊരു അടിസ്ഥാനവും ഇല്ലെന്ന് ബോധ്യമായിട്ടുള്ളതാണെന്നും 488 കുട്ടികൾ പഠിക്കുന്ന ഗവ.യു.പി സ്ക്കൂളിൽ കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് ഇത്തരത്തിൽ നൽകുന്ന പരാതികൾ മൂലം കഴിയാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നു എന്നും മേൽപ്പടി വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ക്ലാർക്കിന്റെ അഭാവത്തിൽ ഭരണപരമായ കാര്യങ്ങളും അക്കാദമിക് കാര്യങ്ങളും നിർവ്വഹിക്കുന്നതിന് നിരന്തരം ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരി പ്രസ്താവിച്ചത്, ടിയാളുടെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുള്ളത് വിവരാവകാശ നിയമപ്രകാരം അല്ലെന്നും ടിയാൾ ആവശ്യപ്പെട്ട ചില വിവരങ്ങൾ ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ട് ശേഖരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരിയുടെ അപേക്ഷയിൽ 1–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് തെറ്റായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നു ഹർജിക്കാരി കമ്മീഷൻ മുമ്പാകെ വാദിച്ചെങ്കിലും എതിർകക്ഷി ഹാജരാക്കിയ മിനിറ്റ്സ് ബുക്കിൽ നിന്നും ഹർജിക്കാരിക്ക് നൽകിയിട്ടുള്ളത് ശരിയായ മറുപടിയാണെന്ന് കമ്മീഷന് ബോധ്യമായി. ഹർജിക്കാരിയുടെ അപേക്ഷയിലെ 4–ാം ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടിയും വസ്തുതാപരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. 5–ാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുന്നതിലേക്കായി എത്ര തുക ഒടുക്കണമെന്ന് ഹർജിക്കാരിയെ അറിയിക്കേണ്ടതായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു, അപ്രകാരം തന്നെ ഹർജിക്കാരി 6,7 ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ചും ഒടുക്കേണ്ട ഫീസ് സംബന്ധിച്ച വിവരവും നൽകേണ്ടതായിരുന്നു. 9–ാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖയുടെ പകർപ്പു നിയമാനുസൃത

RIGHT TO INFORMATION

ഫീസ് ഒടുക്കുന്ന മുറയ്ക്ക് ടിയാൾക്ക് കൊടുക്കാമെന്ന് ഹർജിക്കാരിയെ അറിയിക്കേണ്ടതായിരുന്നു. അപ്രകാരം തന്നെ ഹർജിക്കാരിയുടെ അപേക്ഷയിലെ 11-ാം ഇനം സംബന്ധിച്ച് ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സ് വ്യക്തമായി നൽകേണ്ടതായിരുന്നു.

6. ഒന്നാം അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി നൽകാത്തതിനാലാണ് ഹർജിക്കാരി കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ചിട്ടുള്ളത് എന്നു കാണുന്നു. എതിർകക്ഷി നിർബന്ധമായും ഒന്നാം അപ്പീൽ അധികാരിയുടെ മേൽവിലാസം വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ മറുപടികളിലും നൽകേണ്ടതാണ്. ഈ പരാതി ഹർജിയിൽ അത് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് ഹർജിക്കാരിക്ക് ഈ ഉത്തരവ് കൈപ്പറ്റി 5 ദിവസത്തിനകം നൽകണമെന്നും ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ള മറുപടി സംബന്ധിച്ച ആക്ഷേപങ്ങൾ ഒന്നാം അപ്പീലായി നൽകാവുന്നതാണെന്നും അപ്രകാരം അപ്പീൽ അപേക്ഷ ലഭിച്ചാൽ ആയത് സമയബന്ധിതമായി ഒന്നാം അപ്പീൽ അധികാരി തീർപ്പാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്രകാരം തന്നെ SPIO മറുപടി നൽകുന്ന അവസരത്തിൽ ടിയാന്റെ പേര് നിർബന്ധമായും മറുപടിയിൽ രേഖപ്പെടുത്തേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

bm